**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 275** **23-08-2022 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന പ്രതിമാസ വേതനം എത്രയാണെന്നും എന്ന് മുതൽ ഈ തുക ലഭിക്കുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | **മെയിൻ അങ്കണവാടി വർക്കർക്ക് 12,000/-രൂപ, മിനി അങ്കണവാടി വർക്കർക്ക് 11,000/- രൂപ, അങ്കണവാടി ഹെൽപ്പർക്ക് 8,000/- രൂപ എന്ന നിരക്കിലാണ് നമ്മുടെ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം നൽകി വരുന്നത്. പ്രസ്തുത ജീവനക്കാർക്ക് 01/04/2019 മുതൽ പ്രാബല്യത്തിൽ ഈ നിരക്കിൽ ഓണറേറിയം നൽകി വരുന്നുണ്ട്.** |
| (ബി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്നത് എത്ര രൂപയാണെന്നും സംസ്ഥാന സർക്കാർ നൽകുന്നത് എത്ര രൂപയാണെന്നും വിശദമാക്കാമോ; | (ബി) | **കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് 60:40 (കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും) എന്ന അനുപാതത്തിലാണ് അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം നൽകേണ്ടത്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.** |
| (സി) | അങ്കണവാടി ജീവനക്കാരുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; | (സി) | **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും നയപരമായ തീരുമാനങ്ങളുടേയും അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകരുടെ വേതനം പുതുക്കുന്നത്.** |
| (ഡി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി സ്വീകരിക്കുന്ന നടപടികളുടെ മാതൃകയിൽ അങ്കണവാടി ജീവനക്കാരുടെ വേതനം പരിഷ്കരിക്കുവാൻ സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ ഇത് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | **കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അങ്കണവാടി പ്രവർത്തകർ, ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധ സേവകരാണ്. ഇവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായോ സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാരായോ പരിഗണിക്കുവാൻ നിലവിൽ സംയോജിത ശിശു വികസന സേവന പദ്ധതിയിൽ വ്യവസ്ഥ ഇല്ല. കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളുമാണ് ഇവരുടെ വേതനവ്യവസ്ഥകൾക്കാധാരമായിട്ടുള്ളത്.**<br>**ആയതുകൊണ്ടു തന്നെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ മാതൃക** |

| | | | |
|---|---|---|---|
| | | | **അങ്കണവാടി പ്രവർത്തർക്ക് ബാധകമാക്കാൻ കഴിയില്ല.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

| വിഭാഗം | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം | | | കേന്ദ്ര വിഹിതത്തിന് പുറമെ സംസ്ഥാനം അനുവദിക്കുന്ന ഓണറേറിയം | | ആകെ (രൂപയിൽ) |
|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം 60% (രൂപയിൽ) | സംസ്ഥാന വിഹിതം 40% (രൂപയിൽ) | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം ആകെ (രൂപയിൽ) | സംസ്ഥാന വിഹിതം (രൂപയിൽ) | തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം (രൂപയിൽ) | |
| | (1) | (2) | (3) [1+2] | (4) | (5) | (6) [3+4+5] |
| മെയിൻ അങ്കണവാടി വർക്കർ | 2,700 | 1,800 | 4,500 | 5,300 | 2,200 | 12,000 |
| മിനി അങ്കണവാടി വർക്കർ | 2,100 | 1,400 | 3,500 | 5,300 | 2,200 | 11,000 |
| അങ്കണവാടി ഹെൽപ്പർ | 1,350 | 900 | 2,250 | 4,300 | 1,450 | 8,000 |

സെക്ഷൻ ഓഫീസർ